(ബി) ഉണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഹരിപ്പാട് മെഡിക്കൽ കോളേജ്

144 (809) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജിന്റെ നിർമ്മാണം പൂർത്തിയാക്കി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് എത്ര രൂപയാണ് ; ഇതിനകം ചെലവായ തുക എത്ര ;

(ബി) സർക്കാരിന്റെ ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് ആശുപത്രി ആരംഭിക്കുന്നത് ; ഇതിനായുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;വിശദമാക്കാമോ ;

(സി) ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിനായി ലക്ഷ്യമിട്ട തീയതി എന്നാണ് ; സംസ്ഥാന ബഡ്ജറ്റിൽ ഇതിനായി വകയിരുത്തപ്പെട്ട തുക എത്ര; ഏതെല്ലാം നിലയിൽ എത്ര തുക ഇതിനായി വായ്പ എടുക്കാനുദ്ദേശിക്കുന്നു; വായ്പ തിരിച്ചടക്കുന്നത് ബഡ്ജറ്റ് വിഹിതത്തിലൂടെയാണോ; വിശദമാക്കാമോ ?

ഉത്തരം

(എ) ഹരിപ്പാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് 29,930.60 ലക്ഷം രൂപയാണ്. മെഡിക്കൽ കോളേജ് തുടങ്ങുവാനുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി 29,82,614 രൂപ ചെലവായിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട ഹരിപ്പാട് മെഡിക്കൽ കോളേജിനായി പി.പി.പി. മോഡൽ നടപ്പാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും ധനം ശേഖരിച്ച് നടത്തുന്നതിന് 'ഇൻഫ്രാമെഡ് ' എന്ന ഒരു കമ്പനി, കമ്പനി രജിസ്ട്രാറിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിനായി ഒരു തീയതി നിശ്ചയിച്ചിട്ടില്ല. സംസ്ഥാന ബഡ്ജറ്റിൽ ഹരിപ്പാട് പ്രൊജക്ടിനായി 2015-16 വർഷത്തേക്ക് ടോക്കൺ ഗ്രാന്റായി 1,000 രൂപ വകയിരുത്തിയിട്ടുണ്ട്. ആശുപത്രിക്കായി നബാർഡ്.89 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നബാർഡ് വായ്പ തിരിച്ചടയ്ക്കുന്നതിനായി നിലവിലുള്ള സംവിധാനംതന്നെ തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly